ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. കോടിയേരി ബാലകൃഷ്ണൻ) : സർ, വി.എസ്.ഡി.പി.-യുടെ ചെയർമാനെ അറസ്റ്റ് ചെയ്തതിൽ പ്രതിഷേധിച്ച് വി.എസ്.ഡി.പി.-യുടെ ആഹ്വാന പ്രകാരം തിരുവനന്തപുരം ജില്ലയിൽ 1-7-2010-ന് ഒരു ഹർത്താൽ നടന്നിരുന്നു. ഹർത്താലിനോടനുബന്ധിച്ച് കാട്ടാക്കട ഡിപ്പോയിൽനിന്നും പോലീസ് സംരക്ഷണത്തോടെ കെ.എസ്.ആർ.ടി.സി. സർവ്വീസ് നടത്തിവരവേ വൈകുന്നേരം കാട്ടാക്കട മൈലോട്ടുകുഴിക്കുസമീപം കരിക്കകത്തുമൂല എന്ന സ്ഥലത്തുവച്ച് കെ.എസ്.ആർ.ടി.സി. ബസ്സിനുനേരെ മൂന്നുപേർ ചേർന്ന് കല്ലെറിഞ്ഞ് ചില്ല് പൊട്ടിച്ചു. വാഹനത്തിന് സംരക്ഷണം നൽകിവന്ന കാട്ടാക്കട പോലീസ് സബ്ഇൻസ്പെക്ടർ ബസ്സിനുനേരെ കല്ലെറിഞ്ഞ ജോസ്, ശരൺ, സനൽകുമാർ എന്നിവരെ അറസ്റ്റ് ചെയ്തു. സ്റ്റേഷനിൽ കൊണ്ടുവന്ന് അവർക്കെതിരെ പൊതുമുതൽ നശിപ്പിച്ചതിന് 384/2010 നമ്പരായി ഒരു കേസ്സ് രജിസ്റ്റർ ചെയ്യുകയും ചെയ്തു. പ്രതികളിലൊരാളായ ശരണിന് പതിനേഴ് വയസ്സുമാത്രമേയുള്ളൂ എന്നതിനാൽ ബഹുമാനപ്പെട്ട തിരുവനന്തപുരം ചീഫ് ജുഡീഷ്യൽ മജിസ്ട്രേറ്റ് കോടതിയുടെ മുമ്പാകെ ഹാജരാക്കുകയും കോടതി ശരണിനെ രക്ഷാകർത്താക്കളോടൊപ്പം വിട്ടയയ്ക്കുകയുമാണ് ചെയ്തത്. ശരണിനെ മർദ്ദിച്ചതായുള്ള ഒരു പരാതി ആ സമയത്തോ അതിനുശേഷമോ ലഭിച്ചിട്ടില്ല. കോടതിയുടെ മുമ്പിലും ഈ കാര്യം ആരും പറഞ്ഞിരുന്നില്ല. ഇതുസംബന്ധിച്ച് ശരണിന്റെ ഒരു പരാതി ഇപ്പോൾ ലഭിച്ചിട്ടുണ്ട്. ആ പരാതി പരിശോധിക്കാൻ നിർദ്ദേശം കൊടുത്തിട്ടുണ്ട്. ഇതുസംബന്ധിച്ച് ആരുടെയെങ്കിലും ഭാഗത്ത് വീഴ്ചയുണ്ടായിട്ടുണ്ടെങ്കിൽ ശക്തമായ നടപടി സ്വീകരിക്കുന്നതാണ്.

(11) ട്രാഫിക് പോലീസ് സ്റ്റേഷൻ

ശ്രീ. കെ. ബാബു : സർ, കൊച്ചിയിലെ സിറ്റി ട്രാഫിക്കിന് രണ്ടു വിംഗാണുള്ളത്. ഒന്ന് എറണാകുളം വെസ്റ്റ്, മറ്റൊന്ന് എറണാകുളം ഈസ്റ്റ്. അതിൽ ഇടപ്പള്ളി യൂണിറ്റ് തൃപ്പൂണിത്തുറകൂടി ഉൾപ്പെടുന്ന പ്രദേശമാണ്. അതിനകത്ത് കൊച്ചിൻ കോർപ്പറേഷന്റെ ഏകദേശം നാലിലൊന്ന് ഭാഗവും തൃപ്പൂണിത്തുറ, തൃക്കാക്കര, കളമശ്ശേരി, ഏലൂർ, മരട് എന്നീ മുനിസിപ്പാലിറ്റികൾ ഉൾപ്പെടെ അനവധി പഞ്ചായത്തുകളും ഉൾക്കൊള്ളുന്നതുമാണ്. പക്ഷേ ആ ട്രാഫിക് യൂണിറ്റിൽ കേസ്സിന്റെ എഫ്.ഐ.ആർ. രജിസ്റ്റർ ചെയ്യുന്നതിനോ കേസ്സ് ചാർജ്ജ് കൊടുക്കുന്നതിനോ ഇന്ന് സംവിധാനമില്ല. ഇത് പ്രത്യേകം പണച്ചെലവുള്ള കാര്യമല്ല. അതുപോലെതന്നെ ഏറ്റവും കൂടുതൽ വാഹനങ്ങൾ റോഡിലിറങ്ങുന്ന നഗരം കൊച്ചി നഗരമാണ്. കണ്ടെയ്നർ ടെർമിനൽ കൂടി വരുന്നതോടെ കൊച്ചിയിലെ ഗതാഗതക്കുരുക്ക് വർദ്ധിക്കാൻ പോകുകയാണ്. 1980-ലോ മറ്റോ ആണ് ഇവിടത്തെ ട്രാഫിക് പോലീസിന്റെ സ്ട്രെങ്ത് ഫിക്സ് ചെയ്തത്. അപ്പോൾ ട്രാഫിക് പോലീസുകാരുടെ അപര്യാപ്തതയുണ്ട്. ഇടപ്പള്ളി ട്രാഫിക് യൂണിറ്റിന് സ്വന്തമായി കെട്ടിടമില്ല, രണ്ടുചെറിയ മുറികളിലാണ് ഈ യൂണിറ്റ് പ്രവർത്തിച്ചുകൊണ്ടിരിക്കുന്നത്. അതുകൊണ്ട് പുതിയ കെട്ടിടം ആവശ്യമാണ്. കൊച്ചി നഗരത്തിലുണ്ടാകുന്ന

LIBRARY ARCHIVES Kerala Legislative Assembly

കേസ്സുകളുടെ 70 ശതമാനവും ഇടപ്പള്ളി യൂണിറ്റിന്റെ പരിധിയിലാണ് ഉണ്ടാകുന്നത്. അതുകൊണ്ട് ഇടപ്പള്ളി ട്രാഫിക് യൂണിറ്റ് കേസ്സ് ചാർജ്ജ് ചെയ്യാൻ അധികാരമുള്ള ട്രാഫിക് സ്റ്റേഷനായി പ്രഖ്യാപിക്കുന്നതിനും സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നതിനും നടപടി സ്വീകരിക്കണം.

ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. കോടിയേരി ബാലകൃഷ്ണൻ): സർ, കൊച്ചി സിറ്റി പോലീസിന്റെ ഭാഗമായി ട്രാഫിക് വെസ്റ്റ് സബ്ഡിവിഷൻ, ട്രാഫിക് ഈസ്റ്റ് സബ്ഡിവിഷൻ എന്നീ രണ്ട് ട്രാഫിക് സബ്ഡിവിഷനുകൾ പ്രവർത്തിച്ചുവരുന്നു. ഓരോ ട്രാഫിക് സബ്ഡിവിഷനിലും ഓരോ അസിസ്റ്റന്റ് കമ്മീഷണറും ഒരു സർക്കിൾ ഇൻസ്പെക്ടറും ഒമ്പത് സബ് ഇൻസ്പെക്ടർമാരും മറ്റ് പോലീസ് ഉദ്യോഗസ്ഥരും പ്രവർത്തിക്കുന്നുണ്ട്. ട്രാഫിക് നിയന്ത്രിക്കുന്നതിനായി ട്രാഫിക് പോലീസിന് ആധുനിക ഉപകരണങ്ങൾ നൽകിയിട്ടുണ്ട്. ലേസർ സ്പീഡ് റഡാർ, സിഗ്നൽ ബാറ്റൺ, ഇ-ഫ്ളയർ പ്രൊട്ടക്ട് ലൈറ്റ്, ട്രാഫിക് റോഡ് ബ്ലോക്കർ എന്നീ ആധുനിക ഉപകരണങ്ങൾ ഉപയോഗിച്ചുകൊണ്ടാണ് ഇപ്പോൾ ട്രാഫിക് നിയന്ത്രിച്ചു കൊണ്ടിരിക്കുന്നത്. വാഹനാപകടങ്ങളുമായി ബന്ധപ്പെട്ട കേസ്സുകൾ രജിസ്റ്റർ ചെയ്യുന്നതിനും അന്വേഷിക്കുന്നതിനും എറണാകുളം ഹൈക്കോടതിക്ക് സമീപമുള്ള ട്രാഫിക് വെസ്റ്റ് പോലീസ് സ്റ്റേഷനാണ് നോട്ടിഫൈ സ്റ്റേഷനായി പ്രഖ്യാപിച്ചിട്ടുള്ളത്. ട്രാഫിക്കിന്റെ സുഗമമായ നിയന്ത്രണത്തിനുവേണ്ടി ട്രാഫിക് വെസ്റ്റ് പോലീസ് ഡിവിഷനിൽപ്പെട്ട മട്ടാഞ്ചേരിയിൽ ഒരു ട്രാഫിക് യൂണിറ്റ് പള്ളുരുത്തിയിലും ഈസ്റ്റ് സബ്ഡിവിഷനിൽപ്പെട്ട ഇടപ്പള്ളി ട്രാഫിക് യൂണിറ്റ് ഇടപ്പള്ളിയിലും തൃപ്പൂണിത്തുറ ട്രാഫിക് യൂണിറ്റ് തൃപ്പൂണിത്തുറയിലും ഇപ്പോൾ പ്രവർത്തിക്കുന്നുണ്ട്. ഈ മൂന്ന് യൂണിറ്റുകളും നോട്ടിഫൈഡ് പോലീസ് സ്റ്റേഷനുകളല്ല. ഇത് നോട്ടിഫൈ ചെയ്താൽ ഈ പോലീസുകാർ മുഴുവൻ കേസ്സന്വേഷണത്തിന്റെ ഭാഗമായി പോകും, എൻഫോഴ്സ്മെന്റിനുവേണ്ടി പോലീസുകാരെ കിട്ടാത്ത സിറ്റ്യുവേഷനുണ്ടാകുകയും ചെയ്യും. അതുകൂടി പരിഗണിച്ചാണ് ഇതുസംബന്ധിച്ച് ഓരോ യൂണിറ്റുകളും കേസ് ചാർജ്ജ് ചെയ്യുന്ന അധികാരത്തോടുകൂടിയുള്ള സ്റ്റേഷനുകളാക്കി ഇപ്പോൾ മാറ്റാത്തത്. ഇപ്പോഴത്തെ പോലീസിന്റെ അംഗസംഖ്യ ഉപയോഗിച്ചുകൊണ്ട് ഫലപ്രദമായ സംവിധാനമെന്നുള്ള നിലയിലാണ് ഇപ്പോൾ ഇങ്ങനെ ചെയ്തിട്ടുള്ളത്. ഇതു സംബന്ധിച്ചുള്ള നിർദ്ദേശങ്ങൾ, കൂടുതൽ സ്ഥലത്ത് ട്രാഫിക് സ്റ്റേഷനുകൾ പ്രഖ്യാപിക്കുന്ന സന്ദർഭത്തിൽ ഇതിനെക്കുറിച്ച് ആലോചിക്കുന്നതാണ്. കെട്ടിടത്തിന്റെ കാര്യം പ്രത്യേകം പരിശോധിക്കാം.

(12) മറാഠി സമുദായത്തെ പട്ടികവർഗ്ഗ ലിസ്റ്റിൽ ഉൾപ്പെടുത്താൻ നടപടി

ശ്രീ. സി. എച്ച്. കുഞ്ഞമ്പു: സർ, കാസർഗോഡ് ജില്ലയിലെ മറാഠി സമുദായത്തെ പട്ടികവർഗ്ഗ ലിസ്റ്റിൽ ഉൾപ്പെടുത്തണമെന്നതാണ് എന്റെ സബ്മിഷൻ. സാമ്പത്തികമായും സാമൂഹികമായും വളരെ പിന്നോക്കം നിൽക്കുന്ന മറാഠി സമുദായത്തെ കിർത്താഡ്സിന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് പട്ടികവർഗ്ഗ ലിസ്റ്റിൽനിന്നും ഒഴിവാക്കിയത്. മറാഠി സമുദായത്തി

LIBRARY ARCHIVES Kerala Legislative Assembly